# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 826** **08.01.2014-ലെ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പാലോട് രവി :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനായി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ, വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ, പ്രാഥമിക സൗകര്യങ്ങൾ വികസിപ്പിക്കൽ തുടങ്ങിയ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) എവിടെയെല്ലാമാണ് പ്രസ്തുത മെഡിക്കൽ കോളേജുകൾ തുടങ്ങാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) മഞ്ചേരി മെഡിക്കൽ കോളേജ് 2013-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ കാസർഗോഡ്, ഇടുക്കി, കോന്നി, വയനാട്, തിരുവനന്തപുരം, പാലക്കാട് എന്നിവിടങ്ങളിലാണ് പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ പാലക്കാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലാണ്.<br>സർക്കാർ സ്വകാര്യ സംയുക്ത സംരംഭമായി ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| (സി) ഇതിനായുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (സി) ഹരിപ്പാട് ഒഴികെയുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് സർക്കാർ ആണ് നൽകുന്നത്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി രൂപീകരിക്കപ്പെട്ട കമ്പനിയിലെ ഓഹരി ഉടമകളിൽ നിന്നാണ് ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നത്. |
| (ഡി) മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) മേൽപ്പറഞ്ഞ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കും ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ